## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4166

20.03.18 - ൽ മറുപടിക്ക്.

## കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനം

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. വി. അബ്ദുറഹിമാൻ
ശ്രീ. പി. ഉണ്ണി
ശ്രീ. ബി. സത്യൻ

**മറുപടി**

ഡോ.കെ.ടി.ജലീൽ
(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

(എ) കുടുംബശ്രീയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണനം ശക്തിപ്പെടുത്തുന്നതിനുമായി എന്തെല്ലാം നവീന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(എ)

1. കുടുംബശ്രീ സൂക്ഷ്മ സംരംഭ ഉത്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 152 പഞ്ചായത്തുകളിൽ മാസചന്തകൾ സ്ഥിരമായി സംഘടിപ്പിക്കുന്നതിനായി സിഡിഎസ്സുകൾക്ക് 75,000/- രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തിക ധനസഹായം നൽകി. ഈ പഞ്ചായത്തുകൾക്ക് പുറമെ മറ്റ് 304 പഞ്ചായത്തുകളിൽ ആഴ്ച ചന്തകളും നടത്തി വരുന്നു.
2. ഓണം, ക്രിസ്തുമസ് തുടങ്ങിയ അവസരങ്ങളിൽ കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും, ജില്ലാ തലത്തിലും ചന്തകൾ സംഘടിപ്പിച്ചു വരുന്നു
3. ദേശീയ സരസ്സ് മേള കേരളത്തിൽ വർഷത്തിൽ രണ്ടെണ്ണം സംഘടിപ്പിക്കുന്നതിലൂടെ സംരംഭകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ വൻതോതിൽ വിപണനം നടത്തുവാനും പ്രദർശിപ്പിക്കുവാനും ഉള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നടക്കുന്ന സരസ്സ് മേളകളിൽ കുടുംബശ്രീ ഉത്പന്നങ്ങൾ വിപണനം നടത്താനുള്ള ക്രമീകരണം ഈ വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്.
4. കുടുംബശ്രീ ഉത്പന്നങ്ങൾ ഓൺലൈൻ വഴി വിപണിയിൽ എത്തിക്കുന്നതിന് 'കുടുംബശ്രീബസാർ.കോം' എന്ന പേരിൽ ഒരു ഇ-കോമേഴ്സ് പോർട്ടൽ കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിനായി എല്ലാ ജില്ലകളിലും കുടുംബശ്രീ ബസാറുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കുടുംബശ്രീബസാറുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനായി ജില്ലകളിൽ സംരംഭകരുടെ കൺസോർഷ്യം രൂപീകരിച്ചുവരുന്നു. അനുയോജ്യമായ ഇടം ബസാറിനായി കണ്ടെത്താനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻ വഴി വിപണിയിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | കുടുംബശ്രീ ഉത്പന്നങ്ങൾ ഓൺലൈൻ വഴി വിപണിയിൽ എത്തിക്കുന്നതിന് 'കുടുംബശ്രീബസാർ.കോം' എന്ന പേരിൽ ഒരു ഇ-കോമേഴ്സ് പോർട്ടൽ കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്, ഇപ്രകാരം ഇന്ത്യയിൽ എവിടെനിന്നും കുടുംബശ്രീ ഉത്പന്നങ്ങൾ ഓൺലൈനായി വാങ്ങാൻ സാധിക്കും. |
| (ഡി) | കുടുംബശ്രീയുടെ ഏതെല്ലാം ഉല്പന്നങ്ങളാണ് ഓൺലൈൻ വഴി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രാരംഭഘട്ടത്തിൽ 333 ഓളം ഉത്പന്നങ്ങളാണ് ഓൺലൈൻ വിപണനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. ഭക്ഷ്യോത്പന്നങ്ങൾ, കരകൗശല വസ്തുക്കൾ, ബാഗുകൾ, കുട, ചെരുപ്പ്, ആഭരണങ്ങൾ, സോപ്പ്, ടോയിലറ്ററീസ്, അലങ്കാര വസ്തുക്കൾ മുതലായവയാണ് വിപണനം ചെയ്യുന്ന പ്രധാന വസ്തുക്കൾ |

സെക്ഷൻ ഓഫീസർ